**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(അവതരണം : RAJEEVE C R)**

നം. DIC/14448/2018-EB1 തീയതി : 30-10-2024

വിഷയം:- വ്യവസായം - ജീവനക്കാര്യം – ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. 31/08/2024 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ DIC/861/2024-EC1 നമ്പർ നടപടിക്രമം.
2. 19/07/2021 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ DIC/1114/2021-EE3 നമ്പർ ഉത്തരവ് (2020 ലെ സീനിയോരിറ്റി ലിസ്റ്റ് )

പരാമർശം (1) പ്രകാരം വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള കയർ വികസന ഡയറക്ടറേറ്റിലെ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് ആയ ശ്രീമതി സജില ആർ വി - യ്ക്ക് ജൂനിയർ കോ - ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ആയി സ്ഥാനക്കയറ്റം നല്കി ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. 70 ടൈപ്പിസ്റ്റ് തസ്തികകളിൽ 1:1:1:1 അനുപാതത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് (17) , സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് (17) , അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് (18) , ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (18) എന്നിങ്ങനെയാണ് അനുവദിച്ചിട്ടുള്ളത്. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് 1:1:1:1 അനുപാതം ക്രമപ്പെടുത്തി സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്.

പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും അവസാനമായി ശ്രീമതി ശ്രീജാംബിക ബി എസ് (സീനിയോറിറ്റി നമ്പർ 07/18) - നാണ് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകിയത്. അടുത്തതായി ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത് ശ്രീമതി സരിത എസ് എസ് (സീനിയോറിറ്റി നമ്പർ 08/18) ആണ്. ശ്രീമതി സരിത എസ് എസ്- ന് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ശ്രീമതി സരിത എസ് എസ് - ന് സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര് തസ്തിക നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക | പ്രാബല്യ തീയതി | സ്ഥാനക്കയറ്റം നൽകുന്ന തസ്തികയിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | 08/18 | **ശ്രീമതി. സരിത എസ് എസ്**<br>**ലോവർ ഡിവിഷൻ** | **അപ്പർ ഡിവിഷൻ** | 01/09/2024 | 35600-75400 |

| | | | | | |
|---|---|---|---|---|---|
| | | **ടൈപ്പിസ്റ്റ് (താലൂക്ക് വ്യവസായ ഓഫീസ്, നിലമ്പൂർ)** | **ടൈപ്പിസ്റ്റ്.** | | |

സ്ഥാനക്കയറ്റം സ്വീകരിക്കുന്ന ജീവനക്കാർക്ക് കേരള സർവിസ് ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള ശമ്പള നിർണയം നിയന്ത്രണാധികാരികൾ നിർണയിച്ച് നൽകേണ്ടതാണ്.

സ്വീകർത്താവ് : ശ്രീമതി സരിത എസ് എസ്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്.

പകർപ്പ് :
1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം.
2. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, നിലമ്പൂർ.
3. ഡെപ്യൂട്ടി ഡയറക്ടർ, IT

Signed by
Rajeeve. C. R
Date: 30-10-2024 16:17:38

ഉത്തരവിൻപ്രകാരം

ജൂനിയർ/സീനിയർസൂപ്രണ്ട്